മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) യൂണിവേഴ്സിറ്റി ഗ്രാൻറ്കമ്മീഷനിൽ നിന്നും തിരുവിതാംകൂർ സർവ്വകലാശാലയുടെ കീഴിലുള്ള അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനു് ഗ്രാൻറ് ലഭിച്ചിട്ടില്ല.

(ബി) യൂണിവേഴ്സിറ്റിയിലെ അദ്ധ്യാപകന്മാർ ഗവണ്മെൻറ് ജീവനക്കാരാണെന്നുള്ള മാനദണ്ഡത്തിലാണ് ഗ്രാൻറ് ലഭിക്കാത്തതു്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: അതിനെപ്പറ്റി യൂണിവേഴ്സിറ്റി കമ്മീഷൻറെ റിപ്പോർട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടു്.

ചവറ ടി. എം. സി. യിലെ പണിമുടക്കു്.

* 398. [26] ശ്രീ. ടി. കെ. ദിവാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) 1955 ജൂണിൽ ചവറ ടി. എം. സി. യിൽ ആരംഭിച്ച പണിമുടക്കു് എത്ര ദിവസം നീണ്ടുനിന്നു;

(ബി) ഇതുനിമിത്തം എത്ര മാൻഡേയ്സ് നഷ്ടപ്പെട്ടു;

(സി) എത്ര ടൺ മണ്ണിൻറെ ഉൽപ്പാദനം നഷ്ടപ്പെട്ടു;

(ഡി) ഗവണ്മെൻറിനു് ഈ പണിമുടക്കുമൂലം എന്തു നഷ്ടമുണ്ടായി;

(ഇ) പണിമുടക്കിനുള്ള കാരണമെന്തു്;

(എഫ്) പണിമുടക്കു് എന്തു വ്യവസ്ഥയിൽ അവസാനിച്ചു?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) 1955 ജൂണിൽ ചവറ ടി. എം. സി. യിൽ ആരംഭിച്ച പണിമുടക്കു് 986 ദിവസത്തേക്കുണ്ടായിരുന്നു.

(ബി) ഇതുനിമിത്തം 68,476 Man days നഷ്ടപ്പെട്ടിട്ടുണ്ടു്.

(സി) കഴിഞ്ഞ മുന്നുകൊല്ലത്തെ കണക്കനുസരിച്ചു് ഏകദേശം പതിനായിരം ടൺ മണ്ണിൻറെ ഉൽപ്പാദനം നഷ്ടപ്പെട്ടിട്ടുണ്ടു്.

(ഡി) ഏകദേശം 7 ലക്ഷംരൂപ ഗവണ്മെൻറിനു നഷ്ടമുണ്ടു്.

(ഇ) അതിനുള്ള കാരണങ്ങൾ യൂണിയനോടു ചോദിക്കേണ്ടതാണു്.

(എഫ്) പണിമുടക്കു് അവസാനിച്ചു. എന്തു വ്യവസ്ഥയിലാണെന്നറിഞ്ഞുകൂടാ.

ശ്രീ. ടി. കെ. ദിവാകരൻ: പണിമുടക്കു നിരുത്തണമെന്നുള്ള ഉത്തരവുണ്ടായിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദിവാകരൻ: സെൻട്രൽഗവണ്മെൻറിൽനിന്ന അങ്ങനെ നിർദ്ദേശമുണ്ടായിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ട്.

ഇരുമ്പും, ഉരുക്കും സ്റ്റാക്കുചെയ്യുന്ന സ്റ്റാക്കിസ്റ്റുകൾ.

*399. [27] ശ്രീ. ടി. കെ. ദിവാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) ഈ സംസ്ഥാനത്തു് ഇരുമ്പും, ഉരുക്കും സ്റ്റാക്കുചെയ്യുന്നവൻകിട സ്റ്റാക്കിസ്റ്റുകളില്ലാത്തതുമൂലം ചില വ്യവസായികൾക്കും നേരിട്ടിട്ടുള്ള ബുദ്ധിമുട്ടുകൾ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഗവണ്മെൻറ് എന്തു നടപടി എടുത്തു ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇരുമ്പും ഉരുക്കും കിട്ടാത്തതുകൊണ്ടു ബുദ്ധിമുട്ടുണ്ടായിട്ടുണ്ടു്. പക്ഷെ അതു സ്റ്റാക്കിസ്റ്റുകൾ ഇല്ലാത്തതുകൊണ്ടാണെന്നു തോന്നുന്നില്ല.

(ബി) ആവശ്യമുള്ളിടത്തോളം സ്റ്റാക്കു തരുന്നതിനുവേണ്ടി ആവത്തിച്ചുവത്തിച്ചു ഇൻഡ്യാഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടു്.

ശ്രീ. ടി. കെ. ദിവാകരൻ: രജിസ്റ്റർചെയ്തിട്ടുള്ള സ്റ്റാക്കിസ്റ്റുകൾ എത്രപേർ ഉണ്ടു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നോട്ടീസുവേണം. ഈ ചോദ്യത്തിൻെറ വെളിച്ചത്തിൽ വേണ്ടുവോളമുള്ള സ്റ്റാക്കിസ്റ്റുകൾ ഇല്ലാത്തതുകൊണ്ടാണു ഇതിനു ബുദ്ധിമുട്ടുണ്ടായതു് എന്നുണ്ടെങ്കിൽ അതിനെപ്പറ്റി ആലോചിക്കാം.

സ്ഥിരപ്പെടുത്താത്ത അദ്ധ്യാപകന്മാർ.

*400. [28] ശ്രീ കെ. പി. ഹോർമിസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷിഫ്റ്റുസമ്പ്രദായം ആദ്യമായി ആരംഭിച്ചപ്പോൾ തൊഴിൽരഹിതരായ എത്താനും ഗ്രാൻറഡ്ഡും അദ്ധ്യാപകന്മാരെ ഗവണ്മെൻറ് സർവീസിലേക്കു് നിയമിക്കുകയുണ്ടായോ;

(ബി) അപ്രകാരം നിയമിച്ചവരിൽ ഇതുവരെയും സ്ഥിരപ്പെടുത്താത്ത അദ്ധ്യാപകന്മാർ ഉണ്ടോ;

(സി) ഉണ്ടെങ്കിൽ എത്രപേർ; സ്ഥിരപ്പെടുത്താത്തതിൻെറ കാരണം എന്തു് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഷിഫ്റ്റുസംപ്രദായം ആദ്യമായി ആരംഭിച്ചപ്പോൾ തൊഴിൽരഹിതരായ എത്താനും ഗ്രാൻറഡ്ഡും അദ്ധ്യാപകന്മാരെ ഗവണ്മെൻറ സർവീസിൽ നിയമിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly